



വിഷൻ 2031
ശില്പശാല



# ലോകം കൊതിക്കും കേരളം

KERALA TOURISM

kerala
VISION 2031

കേരള സർക്കാർ

# കേരള ടൂറിസം നയരേഖ

വ്യത്യസ്തമായ അനുഭൂതി തേടിയുള്ളതാണ് ഓരോ സഞ്ചാരിയുടെയും യാത്രകൾ. നല്ല അനുഭവങ്ങൾ സമ്മാനിക്കുന്ന പ്രദേശങ്ങളെ തെരഞ്ഞെടുത്ത് സഞ്ചാരികൾ അവിടേക്ക് യാത്ര ചെയ്യുകയും ചെയ്യും. ഓരോ സഞ്ചാരിയുടെയും വിരൽതുമ്പിലേക്ക് കേരളം എന്ന ടൂറിസം കേന്ദ്രത്തെ എത്തിയ്ക്കുക എന്ന ദൗത്യമാണ് ആത്യന്തികമായി നമുക്ക് നിർവ്വഹിക്കാനുള്ളത്. ടൂറിസത്തിന്റെ കണ്ണുകളിലൂടെ നോക്കിയാൽ വൈവിദ്ധ്യങ്ങളായ ചേരുവകൾ അടങ്ങിയതാണ് കേരളം എന്ന ഡെസ്റ്റിനേഷൻ. ഭൂപ്രകൃതി, കാലാവസ്ഥ, സംസ്കാരം, കല, ഭക്ഷണം ഇങ്ങനെ എല്ലാവരേയും ആകർഷിക്കാൻ കഴിയുന്ന ചേരുവകൾ കേരള ടൂറിസത്തിന്റെ പ്രത്യേകതയാണ്. ഈ ചേരുവകളിൽ നിന്നുവേണം കേരള ടൂറിസത്തെ നമുക്ക് വളർത്തിയെടുക്കാൻ.

# കേരള ടൂറിസം ഒരു അവലോകനം

അന്താരാഷ്ട്രതലത്തിൽ ഒരു പ്രധാന ബ്രാന്റായി അംഗീകരിക്കപ്പെട്ടതാണ് കേരള ടൂറിസം. വിദേശസഞ്ചാരികളുടെയും, ആഭ്യന്തര സഞ്ചാരികളുടെയും ടൂറിസം കേന്ദ്രങ്ങളുടെ തെരഞ്ഞെടുപ്പിൽ കേരള ടൂറിസം ഇപ്പോൾ മുൻപന്തിയിൽ എത്തിയിട്ടുണ്ട്. കോവിഡാനന്തരം ടൂറിസം വിപണിയുടെ അഭിരുചികൾ മാറിയപ്പോഴും സുസ്ഥിര ടൂറിസം വികസനമാതൃകകൾ സൃഷ്ടിച്ച് കേരളം വലിയ മുന്നേറ്റം നടത്തി. വിദേശ ടൂറിസ്റ്റുകളുടെ വരവ് പൂർണ്ണരൂപത്തിൽ ആകുന്നതോടെ കേരള ടൂറിസം വൻവളർച്ച നേടുമെന്നാണ് വിലയിരുത്തൽ. അതിന് സാധ്യമാകുന്ന രീതിയിൽ കേരള ടൂറിസത്തെ സജ്ജമാക്കുകയാണ് നമ്മുടെ ഉത്തരവാദിത്തം.

നിലവിൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ 10 മുതൽ 12 ശതമാനം വരെ സംഭാവന ചെയ്യുന്നത് ടൂറിസം ആണ്. ഇത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലെ പ്രധാന മേഖലകളിലൊന്നായി ടൂറിസത്തെ അടയാളപ്പെടുത്താൻ കാരണമായി. തൊഴിൽസേനയുടെ 24 ശതമാനത്തെയാണ് നേരിട്ടും പരോക്ഷവുമായി ടൂറിസം ഉൾക്കൊള്ളുന്നത്. ജനകീയ ടൂറിസത്തിന്റെ സാധ്യതകൾ വർദ്ധിച്ചതോടെ പ്രാദേശിക തൊഴിലും സമ്പത്തും വർദ്ധിപ്പിക്കാൻ ടൂറിസത്തിന് സാധിക്കുന്നുണ്ട്. ശക്തമായ സർക്കാർ പിന്തുണ, സ്ഥാപന ചട്ടക്കൂട്, ഉത്തരവാദിത്വമുള്ളതും സുസ്ഥിരവുമായ ടൂറിസം കേന്ദ്രം എന്നനിലയിലുള്ള ആഗോള ബ്രാന്റ്, അടിത്തറയുള്ള വൈവിധ്യമാർന്ന സ്ഥാപനങ്ങൾ, ഉയർന്ന ടൂറിസം വ്യവസായ പ്രൊഫഷണലുകളുടെയും പങ്കാളികളുടെയും ശക്തമായ ശൃംഖല, ഉയർന്ന സാക്ഷരതയും ആതിഥേയ മര്യാദയുമുള്ള ജനത എന്നിവ കേരള ടൂറിസത്തിന്റെ ശക്തിയാണ്.

# ടൂറിസം വളർച്ച

കോവിഡ് തീർത്ത പ്രതിസന്ധിയായിരുന്നു ടൂറിസം മേഖല സമീപകാലത്ത് നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. ലോകമെങ്ങും ടൂറിസം മേഖലയെ കോവിഡ് വളരെ രൂക്ഷമായി ബാധിച്ചു. നാലുചുവരുകൾക്കുള്ളിൽ അടച്ചിടപ്പെട്ട മനുഷ്യരെ യാത്രയുടെ ലോകത്തേയ്ക്ക്, സഞ്ചാരികളാക്കി മാറ്റാൻ എളുപ്പത്തിൽ സാധിച്ചു എന്നതാണ് കേരള ടൂറിസത്തിന്റെ പ്രത്യേകത. സഞ്ചാരികളുടെ വരവിൽ കോവിഡിനുശേഷം വലിയ കുതിച്ചുചാട്ടമാണ് സാധ്യമാക്കിയത്. 2022ൽ 1.91 കോടി വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചു. 2023ൽ അത് 2.24 കോടിയായി വളർന്നു. 2024ൽ 2.29 കോടിയിലെത്തി. 2025ലെ ആദ്യ 6 മാസത്തെ ട്രെൻഡ്, ഈ വർഷവും റെക്കോർഡിന്റെ സൂചനകളാണ് നൽകുന്നത്. ടൂറിസത്തിൽ നിന്നുമുള്ള വരുമാനം 45,053 കോടി രൂപയിൽ എത്തിയതും റെക്കോർഡ് നേട്ടമായി. വിവിധ അന്താരാഷ്ട്ര അവാർഡുകളും, അന്താരാഷ്ട്ര മാധ്യമങ്ങളിലെ അടയാളപ്പെടുത്തലുകളും കേരള ടൂറിസത്തിന്റെ പെരുമ ലോകമെങ്ങും

എത്തിച്ചു. ആഭ്യന്തര സഞ്ചാരികളുടെ വരവിൽ ഉണ്ടായ കുതിച്ചുചാട്ടം നിലനിർത്തുന്നതിനോടൊപ്പം വിദേശ സഞ്ചാരികളുടെ വരവ് പൂർവ്വസ്ഥിതിയിലേക്ക് എത്തിക്കുക എന്ന അടിയന്തിരമായ ഉത്തരവാദിത്തം നമുക്ക് മുന്നിലുണ്ട്.

## പദ്ധതികൾ, മാർക്കറ്റിംഗ് തന്ത്രങ്ങൾ, വിജയ സൂചികകൾ

കോവിഡിനുശേഷം ഒരു പ്രമുഖ ആഗോള ടൂറിസം കേന്ദ്രം എന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്തുന്നതിനായി നിരവധി പദ്ധതികളാണ് നടപ്പിലാക്കിയത്. സുസ്ഥിര വികസനം, അടിസ്ഥാന സൗകര്യ വികസനം, അനുഭവവേദ്യ ടൂറിസം, നൂതന സംരംഭങ്ങൾ, നവീനമായ ഉത്പന്നങ്ങൾ, കാലാനുസൃതമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ, നിക്ഷേപ സൗഹൃദാന്തരീക്ഷം എന്നിവയിലാണ് കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി ലോകോത്തര ഡെസ്റ്റിനേഷനുകളെ സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി. ഡിസൈൻ പോളിസിയും അനുബന്ധ പ്രവർത്തനങ്ങളും, സിനിടൂറിസം, നൂതന അഡ്വഞ്ചർ ടൂറിസം പദ്ധതികൾ, ഡെസ്റ്റിനേഷൻ ചലഞ്ച്, പൈതൃക ടൂറിസം പദ്ധതികളുടെ വ്യാപനം, കാരവൻ ഹെലി ക്രൂയിസ് ടൂറിസം, ബയോ ഡൈവേഴ്സിറ്റി ലിറ്ററി സർക്യൂട്ട് തുടങ്ങിയ പദ്ധതികൾ ഈ കാലയളവിൽ അന്തർദ്ദേശീയ ശ്രദ്ധ നേടി. ഉത്തരവാദിത്ത ടൂറിസത്തിന്റെ ആഗോളമാതൃകയായി കേരളം വിശേഷിപ്പിക്കപ്പെട്ടു. സ്ത്രീസൗഹാർദ്ദ ടൂറിസവും, വനിതാ കോൺക്ലേവും ലോകം ശ്രദ്ധിച്ചു. ഓണാഘോഷം, ന്യൂഇയർ ഇല്യുമിനേഷൻ, ബേപ്പൂർ ഫെസ്റ്റ്, യാനം, ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി ഫെസ്റ്റിവെൽ, കൊച്ചി മുസിരീസ് ബിനാലെ തുടങ്ങിയ സാംസ്കാരിക പരിപാടികൾ അന്താരാഷ്ട്ര ടൂറിസം കലണ്ടറിൽ അടയാളപ്പെടുത്താനാണ് ശ്രമിച്ചത്. ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി ടൂറിസം നിക്ഷേപ ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചു. ഉച്ചകോടിയിൽ ലഭ്യമായ വാഗ്ദാനങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സ്ഥിരം ഫെസിലിറ്റേഷൻ സെന്ററും ആരംഭിച്ചിട്ടുണ്ട്.

## ഭാവിയിലേക്കുള്ള ചുവടുവയ്പ്പ്

2031 ആകുമ്പോഴേക്കും കേരളത്തെ ആഗോളതലത്തിൽ മത്സരക്ഷമവും സുസ്ഥിരവും എല്ലാവരേയും ഉൾക്കൊള്ളുന്നതിനുമുള്ള ഒരു ടൂറിസം കേന്ദ്രമാക്കി മാറ്റിയെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് കരട് നയരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തനത് ടൂറിസത്തിൽ കേരളത്തിന്റെ കരുത്തായ പ്രകൃതി വൈവിദ്ധ്യങ്ങൾ, സാംസ്കാരിക സമ്പന്നത, ഉത്തരവാദിത്ത ടൂറിസം എന്നിവക്ക് ഊന്നൽ നൽകി കൊണ്ടുള്ള നയസമീപനമാണ് മുന്നോട്ടുവെക്കാൻ ഉദ്ദേശിക്കുന്നത്. ഉയർന്നുവരുന്ന ആഗോള പ്രവണതകളുമായി പൊരുത്തപ്പെടുന്ന നിലയിൽ ഈ വികസന പ്രവർത്തനങ്ങളെ സംയോജിപ്പിച്ച് മുന്നോട്ട് പോകും. കരട് നയരേഖ താഴെപറയുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ലക്ഷ്യമിടുന്നു.

- വിദേശസഞ്ചാരികളുടെ വരവിൽ കോവിഡിന് മുമ്പത്തെക്കാളും മുന്നേറ്റം ഉണ്ടാക്കുക.
- വർഷത്തിൽ എല്ലാ സമയവും ഉയർന്ന മൂല്യമുള്ള ഒരു വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ കേരളത്തെ റീ ബ്രാന്റ് ചെയ്യുക.
- സുസ്ഥിരവും, പരിസ്ഥിതിക്ക് അനുയോജ്യവുമായ ടൂറിസം പദ്ധതികൾ നടപ്പിലാക്കുക.
- സമഗ്രമായ ആസൂത്രണത്തോടെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും, മാനേജ്മെന്റും സംഘടിപ്പിക്കുക.
- വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിയന്ത്രണം, മാനേജ്മെന്റ്, മാർക്കറ്റിംഗ് എന്നിവയ്ക്കായി

നൂതനാശയങ്ങളും ഡിജിറ്റൽ സങ്കേതങ്ങളും ഉപയോഗപ്പെടുത്തുക.

- പ്രാദേശിക തൊഴിലും, സമ്പദ് വ്യവസ്ഥയും ശക്തിപ്പെടുത്തുന്ന തരത്തിൽ ജനകീയ ടൂറിസം വ്യാപകമാക്കുക.
- കേരള ടൂറിസത്തിന്റെ ആഗോള മാർക്കറ്റ് വിപുലപ്പെടുത്തുക. കേരളത്തെ ഒരു ഡെസ്റ്റിനേഷനായി മാറ്റി മാർക്കറ്റിംഗ് ആസൂത്രണം ചെയ്യുക

ഇതിലേയ്ക്ക് നയിക്കാൻ പൊതുപശ്ചാത്തല മേഖലയെ കൂടി ഉപയോഗപ്പെടുത്തേതുണ്ട്. സർക്കാരിന്റെ പൊതുവികസന കാഴ്ച്ചപ്പാടിനൊപ്പം ചേർന്ന് മറ്റുവകുപ്പുകളെ യോജിപ്പിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് ശ്രമിക്കും.

- ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ: വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ഡിസൈൻഡ് റോഡുകളും എയർസ്ട്രിപ്പുകളും, ഹെലിപ്പാഡുകൾ, ലാസ്റ്റ് മൈൽ കണക്ടിവിറ്റി മെച്ചപ്പെടുത്തൽ.
- ജലപാതകളും തുറമുഖങ്ങളും: ഉൾനാടൻ ജലപാതകൾ, ഫെറി ടെർമിനലുകൾ എന്നിവ വിപുലീകരിക്കുക, മറീനുകളും ക്രൂയിസ് ടെർമിനലുകളും സജ്ജമാക്കുക. ഡാമുകളിൽ സീപ്ലെയിൻ സ്റ്റേഷനുകളുടെ വികസനം.
- ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ: ഉയർന്ന നിലവാരമുള്ള റിസോർട്ടുകൾ, ബജറ്റ് താമസ സൗകര്യങ്ങൾ, അമ്യൂസ്മെന്റ് പാർക്കുകൾ, റോപ്പ് വേകൾ, സഫാരി പാർക്കുകൾ, വെൽനസ് സെന്ററുകൾ, കൺവെൻഷൻ ഹാളുകൾ എന്നിവ സ്വകാര്യ പങ്കാളിത്തത്തോടെ ശക്തിപ്പെടുത്തുക.
- പൊതു പശ്ചാത്തല സൗകര്യങ്ങൾ: ശുചിത്വ സൗകര്യങ്ങൾ, ഡിജിറ്റൽ സൈനേജുകൾ, സുരക്ഷാ അടിസ്ഥാനസൗകര്യങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ടൂറിസ്റ്റ് സഹായ കേന്ദ്രങ്ങൾ
- ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ: വൈഫൈ ഹോട്ട് സ്പോട്ടുകൾ, മൊബൈൽ കണക്റ്റിവിറ്റി, ഓൺലൈൻ ബുക്കിംഗ് പ്ലാറ്റ് ഫോമുകൾ, വെർച്ചൽ ടൂറിസം അനുഭവങ്ങൾ.
- ഇത്തരം അടിസ്ഥാന സൗകര്യ വികസനം യാഥാർത്ഥ്യമാക്കുന്നതിന് അനുസൃതമായി പ്രത്യേക ഇടനാഴികൾ രൂപപ്പെടുത്തും. ടൂറിസം കേന്ദ്രങ്ങളിൽ അധിഷ്ഠിതമായ രീതികളിൽ നിന്നും അനുഭവാധിഷ്ഠിത ടൂറിസത്തിലേക്കുള്ള മാറ്റമാണ് വരാൻ പോകുന്നത്. അതിന് സഹായകരമാകുന്ന രീതിയിലാകും ഇടനാഴികൾ രൂപപ്പെടുന്നത്. ഓരോ ഇടനാഴിയിലും ഓരോ ഉത്പന്നങ്ങൾ കൂടി സജ്ജമാക്കും.
- തീരദേശ ഇടനാഴിക്രൂയിസ്
- തീരദേശ ഹൈവേ ഇടനാഴി: സൈക്കിൾ, സൈക്കിൾ ടൂറിസം
- ജലപാതകളും കനാലുകളും ഇടനാഴി: ഹൗസ് ബോട്ടുകൾ, സീപ്ലെയിനുകൾ, ആംഫിബിയൻ വാഹനങ്ങൾ
- ദേശീയപാത ഇടനാഴി: കാരവൻ ടൂറിസവും വിനോദസഞ്ചാര കേന്ദ്രങ്ങളും
- ഹെലി ടൂറിസം ഇടനാഴി: മികച്ച കണക്ടിവിറ്റിക്കായി ഹെലിപോർട്ടുകളും ഹെലിപ്പാഡുകളും
- കുന്നിൻ പ്രദേശങ്ങളിലൂടെയുള്ള ഹിൽ ഹൈവേ കോറിഡോർ കാരവൻ റൂട്ടുകൾ
- റെയിൽവേ കോറിഡോർ വിസ്റ്റ ഡോം ട്രെയിനുകൾ

ഇത്തരം സർക്യൂട്ടുകളുടെ വികാസത്തിൽ കേരളത്തിൽ തനത് ശൈലികളെ ഉൾപ്പെടുത്തുന്നതിനുള്ള സവിശേഷ ശ്രദ്ധയുണ്ടാകും. ഇത്തരം വികസന പ്രവർത്തനങ്ങൾക്കൊപ്പം ടൂറിസം രംഗത്തെ കേന്ദ്രീകരിച്ചുള്ള വികസന പദ്ധതികളും ആസൂത്രണം ചെയ്യും. അതോടൊപ്പം നിലവിൽ ലോകത്തിനു മുന്നിൽ അനാവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി വികസിപ്പിച്ച് ഈ സർക്യൂട്ടുകളുടെ ഭാഗമാക്കി മാറ്റുകയും ചെയ്യും.

- സന്ദർശകരിൽ താത്പര്യം ഉണർത്തുന്നതിനും സഞ്ചാരികളിൽ വർഷം മുഴുവനുമുള്ള ആവശ്യകതയും വർദ്ധിപ്പിക്കുന്നതിനായി വെൽനസ്സ്, പൈതൃകം, സാഹസികത, കായൽ, സംസ്കാരം എന്നിവയുൾപ്പെടെയുള്ള വൈവിധ്യമാർന്ന തീമാറ്റിക് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കും.
- ക്യാരിയിംഗ് കപ്പാസിറ്റി അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനുകൾ, ദീർഘകാല മെയിന്റനൻസ് ചട്ടക്കൂടുകൾ എന്നിവയുൾപ്പെടെ സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങളും ടൂറിസം കേന്ദ്രങ്ങളിലെ മാനേജ്മെന്റ് സംവിധാനങ്ങളും സ്ഥാപിക്കുക.
- ടൂറിസം വികസനം എല്ലായിടത്തും ഒരുപോലെ വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, ഓവർ ടൂറിസത്തെ മുന്നിൽ കണ്ടുകൊണ്ട് ഡെസ്റ്റിനേഷൻ പ്ലാനുകൾ തയ്യാറാക്കുക എന്നിവ ലക്ഷ്യമാണ്
- ടൂറിസ്റ്റ് സീസൺ, അവധി ദിവസങ്ങൾ മുതലായ സമയങ്ങളിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന അമിതമായ തിരക്ക് ലഘൂകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മാർഗങ്ങൾ അനുവർത്തിച്ചുകൊണ്ട് അനായാസ ടൂറിസം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- ജൈവവൈവിധ്യങ്ങളെ സംരക്ഷിച്ചും മാലിന്യമുക്തമാക്കിയും കാർബൺ ന്യൂട്രൽ സ്റ്റാൻഡേർഡിൽ പരിപാലിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ കാർബൺ ന്യൂട്രൽ ഗ്രീൻ ടൂറിസം നടപ്പാക്കുന്നതാണ്.
- വൈവിദ്ധ്യമാർന്ന ടൂറിസം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക പുനരുജ്ജീവന ടൂറിസം സോണുകൾ സ്ഥാപിക്കും. ഓരോ മേഖലയേയും അതിന്റെ പാരിസ്ഥിതിക പശ്ചാത്തലം കൂടി കണക്കിലെടുത്ത് രൂപകൽപ്പന ചെയ്യും. പ്രാദേശിക ജീവിതങ്ങളുമായി ഇതിനെ ഉൾച്ചേർക്കാൻ പ്രത്യേകമായി പരിശ്രമിക്കും.
- സംയോജിത സന്ദർശക മാനേജ്മെന്റ്, സ്മാർട്ട് ടിക്കറ്റിംഗ്, AR/VR അനുഭവങ്ങൾ, AI അടിസ്ഥാനമാക്കിയ വിശകലനങ്ങൾ മുതലായവയിലൂടെ കേരളത്തെ ഒരു സമ്പൂർണ്ണ ഡിജിറ്റൽ സ്മാർട്ട് ആവാസ വ്യവസ്ഥയായി മാറ്റുന്നതിന് മുൻഗണന നൽകുന്നതാണ്
- സുതാര്യമായ ഏകജാലക സംവിധാനങ്ങളിലൂടെ സുസ്ഥിര ടൂറിസം പദ്ധതികളിൽ സ്വകാര്യ നിക്ഷേപങ്ങളും പൊതു സ്വകാര്യ പങ്കാളിത്തവും സാധ്യമാക്കുക.
- നിക്ഷേപങ്ങൾ ആർഷിക്കുന്നതിന് വ്യവസായ മേഖലക്ക് കൂടുതൽ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു.
- അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിന് പുതുക്കിയ നിയമാവലി സജ്ജമാക്കും.
- അഡ്വഞ്ചർ ടൂറിസം ക്ലസ്റ്ററുകൾ രൂപീകരിക്കും
- ടൂറിസം എന്റർപ്രണർഷിപ്പ് ഫണ്ട് രൂപീകരിച്ച് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കും
- മാറുന്ന കാലത്തിന് അനുസരിച്ച് ടൂറിസം പഠന കേന്ദ്രങ്ങളെ നൂതന സംവിധാനങ്ങൾ സംയോജിപ്പിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കും.

- പ്രത്യേക മേഖലകൾക്ക് അനുസൃതമായി ഹ്രസ്വകാല പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കും.
- ടൂറിസം വ്യവസായവുമായി പഠന കേന്ദ്രങ്ങളെ കൂടുതൽ സംയോജിപ്പിക്കുകയും നൈപുണ്യ പരിശീലന സംവിധാനങ്ങൾ വികസിപ്പിക്കുകയും ചെയ്യും.
- ടൂറിസം മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ആരംഭിക്കും.
- പ്രാദേശിക സംരംഭകർ, ഗൈഡുകൾ, കരകൗശല വിദഗ്ദ്ധർ എന്നിവർക്കായി പരിശീലനം, സർട്ടിഫിക്കേഷൻ, അക്കാദമിക്ക് വ്യവസായ പങ്കാളിത്തം, നേതൃത്വ വികസനം, നൈപുണ്യ വികസനം എന്നിവയ്ക്കായി സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് മനുഷ്യവിഭവശേഷി മികവും വൈജ്ഞാനിക നേതൃത്വവും വികസിപ്പിക്കും.
- ടൂറിസം മേഖലയുമായി ബന്ധപ്പെട്ട മേഖലകൾക്കും പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിക്കും
- കേരളത്തിന്റെ ഏറ്റവും ഉയർന്ന സാധ്യതയായ ഉത്തരവാദിത്ത ടൂറിസത്തെ വ്യാപിപ്പിക്കും. ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയെ സ്ഥാപനപരമായി ശക്തിപ്പെടുത്തും.
- ജില്ലാ ഓഫീസുകളെ ശക്തിപ്പെടുത്തി പ്രാദേശിക പദ്ധതി ആസൂത്രണ കേന്ദ്രങ്ങളാക്കി മാറ്റും.
- ടൂറിസം മാർക്കറ്റിംഗിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസത്തെ ഉൾപ്പെടുത്തും. ഉത്തരവാദിത്ത ടൂറിസത്തിന്റെ വിജയിച്ച മാതൃകകൾ ലോകമാർട്ടുകളിൽ പ്രദർശിപ്പിക്കും. സ്ത്രീസൗഹാർദ്ദ ടൂറിസത്തെ ശക്തിപ്പെടുത്തും.
- ഓരോ പ്രദേശത്തിന്റെയും ചരിത്രവും സംസ്കാരവും പ്രചരിപ്പിക്കുന്ന രീതിയിൽ ഡെസ്റ്റിനേഷനുകളെ അടയാളപ്പെടുത്തും.
- അതിന് അനുസൃതമായി സ്റ്റോറി ട്രെയ്ൽ രൂപീകരിക്കും. ആർ.ടി ക്ലാസിഫിക്കേഷനുകൾ സുസ്ഥിര വികസന സൂചികകളുമായി സംയോജിപ്പിച്ച് പരിഷ്ക്കരിക്കും. ആർ.ടി ഉത്പന്നങ്ങൾ വിപണനത്തിന് ഏകീകൃതമായ ഡിജിറ്റൽ മാർക്കറ്റ് ഇടങ്ങൾ സൃഷ്ടിക്കും.
- ഡെസ്റ്റിനേഷൻ ചലഞ്ചിലൂടെ പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന പദ്ധതി തുടരും.
- ആഭ്യന്തര ടൂറിസത്തിന്റെ പ്രധാനകേന്ദ്രമായി ഇത്തരം ഇടങ്ങളെ മാറ്റും.
- പ്രാദേശിക ടൂറിസം കേന്ദ്രങ്ങളുടെ വികാസത്തിന് ഡിസൈനിംഗ്, മാർക്കറ്റിംഗ് എന്നിവയിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായം ഉറപ്പാക്കും.
- സാഹസിക ടൂറിസം പ്രവർത്തനങ്ങൾ ഏകോപിതമാക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തും. ഹൈക്കിംഗ്, ട്രക്കിംഗ് റൂട്ടുകളെ മാപ്പ് ചെയ്ത് കൂടുതൽ സഞ്ചാരികളെ ആകർഷിക്കും.
- ജില്ലകളിലെ ടൂറിസം പദ്ധതികളുടെ ആസൂത്രണ സമിതിയായി ഡി.ടി.പി.സികളെ മാറ്റും. ഡി.ടി.പി.സികളെ കൂടുതൽ പ്രൊഫഷണൽ രീതിയിലെത്തിക്കും. ഡി.ടി.പി.സികളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും ഹോസ്പിറ്റാലിറ്റി പരിശീലനം നിർബന്ധമാക്കും
- പൈതൃകതീർത്ഥാടന ടൂറിസത്തിന്റെ സാധ്യതകളെ വിപുലപ്പെടുത്തും. കേരളവുമായി ചരിത്രപരമായ ബന്ധമുണ്ടായിരുന്ന രാജ്യങ്ങളിലെ സ്ഥാപനങ്ങളുമായി ചേർന്ന് പൈതൃക ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തും

- ഹെറിറ്റേജ് സ്പിരിച്ച്വൽ ടൂറിസം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും. ഇത് കൃത്യമായി ഡോക്യുമെന്റ് ചെയ്യും.
- കൾച്ചറൽ റെസിഡൻസി പ്രോഗ്രാം സംഘടിപ്പിക്കും.
- ഹെറിറ്റേജ് ഹോംസ്റ്റേ വികസിപ്പിക്കും.
- കൊച്ചി ബിനാലെക്കൊപ്പം മലബാറിന്റെ കലാസാംസ്കാരിക പരിപാടികൾ എക്സ്പ്ലോർ ചെയ്യുന്നതിന് മലബാർ ബിനാലെ രൂപപ്പെടുത്തുന്നത് ആലോചിക്കും
- കേരള ടൂറിസത്തിന്റെ, പ്രത്യേകിച്ചും ബീച്ച് ടൂറിസത്തിന്റെ അവിഭാജ്യ ഘടകമായി ലൈഫ് ഗാർഡുകൾ മാറിക്കഴിഞ്ഞു. ലൈഫ് ഗാർഡുമാരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുവാൻ കൂടുതൽ അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തും. ബീച്ചുകളിൽ ലൈഫ് ഗാർഡ് ടെന്റുകൾ നിർബന്ധമാക്കും.
- ഡിസൈൻ പോളിസിക്ക് അനുസൃതമായി ഉത്തരവാദിത്ത ടൂറിസത്തെ കൂടി സംയോജിപ്പിച്ച് ടൂറിസം ഗ്രാമങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ടൂറിസം ഗ്രാമങ്ങളെ മാതൃകാ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റും
- ടൂറിസം കേന്ദ്രങ്ങളിലെയും പൊതു ഇടങ്ങളിലെയും ടോയിലറ്റുകൾ, ഇൻഫർമേഷൻ കിയോസ്ക്കുകൾ, സൈനേജ് സംവിധാനങ്ങൾ, ബസ് സ്റ്റോപ്പുകൾ എന്നിവ ഉൾപ്പെടുന്ന പൊതു ഇടങ്ങൾക്ക് സ്റ്റാന്റേർഡൈസ്ഡ് ഡിസൈൻ കൊണ്ടുവരും. ഇവ മറ്റ് വകുപ്പുകൾക്ക് കൂടി ലഭ്യമാക്കി യൂണിക് ഐഡന്റിറ്റി സാധ്യമാക്കാൻ ശ്രമിക്കും.
- ഡിസൈൻ ഇന്നവേഷൻ ലാബുകൾ സ്ഥാപിക്കുകയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരെ ഡിസൈൻ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യും. ഡിസൈൻ മേഖലയിൽ നയരൂപീകരണവും ജനപങ്കാളിത്തവും ഉറപ്പുവരുത്താൻ ഡിസൈൻ അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- ഡിസൈൻ പോളിസി യാഥാർത്ഥ്യമാക്കുന്നതിന് ഒരു സമർപ്പിത ദീർഘകാല ഫണ്ടിംഗ് സംവിധാനം രൂപീകരിക്കും. ഡിസൈൻ പോളിസി നടപ്പിലാക്കുന്നത് ഫലപ്രദമായി പരിശോധിക്കാൻ ജില്ലാമേഖല സംസ്ഥാന തലങ്ങളിൽ ഡിസൈൻ കൗൺസിൽ രൂപീകരിക്കും. പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന ഘട്ടങ്ങളിൽ തന്നെ ഡിസൈൻ പോളിസിക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തും. നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ഡിസൈൻ ഓഡിറ്റ് നടത്തുകയും അവ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യും.
- മാർക്കറ്റിംഗ് കാലാനുസൃതമായി പുനക്രമീകരിക്കും. പുതിയ വിപണികളിലേക്ക് കേരള ടൂറിസത്തെ വികസിപ്പിക്കും. പ്രീമിയം യാത്ര ഓഫറുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയെ കൂടി ഉൾക്കൊള്ളാനാകുന്ന തരത്തിൽ ടൂറിസം മാർക്കറ്റിംഗിനെ സജ്ജമാക്കും.
- ഏകീകൃതമായ കേരള ബ്രാന്റിനൊപ്പം സഞ്ചാരികളുടെ വ്യത്യസ്തമായ അനുഭൂതികളെ അഭിസംബോധന ചെയ്യുന്ന ഉപ ബ്രാന്റുകൾ വികസിപ്പിക്കും. സിറ്റി ബ്രാന്റുകൾ വികസിപ്പിക്കുകയും കേരളത്തിന്റെ വൈവിദ്ധ്യത്തെ അതുവഴി അടയാളപ്പെടുത്തുകയും ചെയ്യും.
- ഇംഗ്ലീഷ് ഇതര ഭാഷകൾ കൂടി ഉൾക്കൊള്ളുന്ന വിപണികളെ ലക്ഷ്യം വച്ച് പ്രത്യേക മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പിലാക്കും. ചൈനീസ്, ജാപ്പനീസ്, കൊറിയൻ, അറബിക്, ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ് ഭാഷാ വിഭാഗങ്ങളെ പ്രത്യേകമായി ലക്ഷ്യം വയ്ക്കും.
- പ്രവാസി മലയാളികളെ ലക്ഷ്യം വച്ച് ഡയസ്പോറ ടൂറിസം വികസിപ്പിക്കും. ടൂറിസ്റ്റ് സ്മാർട്ട്

കാർഡുകൾ കൊണ്ടുവരും. പൊതുഗതാഗത മേഖലയിൽ ഉൾപ്പെടെയുള്ള സംവിധാനങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സ്മാർട്ട് കാർഡുകളെ വികസിപ്പിക്കും.

കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ നിർണ്ണായക ശക്തിയായി ടൂറിസത്തെ മാറ്റുക എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിലാണ് നമ്മൾ. സർക്കാരും പൊതുമേഖലയും സഹകരണ മേഖലയും സ്വകാര്യമേഖലയും ജനങ്ങളും ഒന്നിച്ച് കൈകോർക്കുന്ന മേഖലയാണ് ടൂറിസം. കൃത്യമായ ആസൂത്രണത്തോടെ യോജിച്ച് നീങ്ങിയാൽ ടൂറിസം ഭാവികേരളത്തെ നിർണ്ണയിക്കുന്ന നിലയിലേക്ക് മാറ്റാനാകും.